LIBRARY ARCHIVES Kerala Legislative Assembly

നീലേശ്വരത്തെ കാര്യങ്കോട് പാലത്തിന്റെ ഫിറ്റ്നസ്

272 (4023) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ നീലേശ്വരത്തെ കാര്യങ്കോട് പാലം കാലപ്പഴക്കത്താൽ ഗതാഗതയോഗ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലം എന്നാണ് നിർമ്മിച്ചതെന്നും നിലവിൽ പാലം ദേശീയപാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നുപോകത്തക്ക രീതിയിൽ ഫിറ്റ്നസ്സ് ഉള്ളതാണോ എന്നും അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) നീലേശ്വരത്തെ കാര്യങ്കോട് പാലത്തിന് ഘടനാപരമായി കുഴപ്പമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്.

(ബി&സി) കാര്യങ്കോട് പാലം നിർമ്മിച്ചത് 1961-ലാണ്. 1982-83 വർഷത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പാലത്തിന്റെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലം പുനർ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ

273 (4024) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്കുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?